B

# സമഗ്ര ശിക്ഷാ കേരളം

## വാർഷിക മൂല്യനിർണ്ണയം 2024–2025

## ഗണിതം

303

ക്ലാസ് : 3 സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര്.......................................................

വിദ്യാലയത്തിന്റെ പേര് ..................................................

ഡിവിഷൻ ...............................................................

രക്ഷിതാവിന്റെ ഒപ്പ്.......................................................

അധ്യാപകന്റെ ഒപ്പ്.......................................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | യൂണിറ്റുകൾ | |
| 2 | സ്കൂൾ വാർഷികം | |
| 3 | കോഴിക്കുഞ്ഞുങ്ങൾ | |
| 4 | സമയമെത്ര? | |
| 5 | കൂടുതൽ ഭാരം | |
| 6 | ചിത്രരചനാകിറ്റ് | |
| | ഓവറോൾ ഗ്രേഡ് | |

### *നിർദേശങ്ങൾ*

- ആദ്യത്തെ 15 മിനിറ്റ് ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ള സമയമാണ്.
- ആറു പ്രവർത്തനങ്ങളിൽ അഞ്ചു പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
- തിരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരമെഴുതണം.

## പ്രവർത്തനം 1 – യൂണിറ്റുകൾ

എ) അനുയോജ്യമായ യൂണിറ്റു ചേർത്ത് പട്ടിക പൂർത്തിയാക്കുക.
(ഗ്രാം, കിലോഗ്രാം, സെന്റിമീറ്റർ, മീറ്റർ, മില്ലിലിറ്റർ, ലിറ്റർ)

| വസ്തു | അളവ് |
|---|---|
| പെൻസിലിന്റെ നീളം | 18................................ |
| കേക്കിന്റെ ഭാരം | 800.............................. |
| കുപ്പിയിലെ വെള്ളത്തിന്റെ അളവ് | 500.............................. |

ബി) നീളം അളക്കുന്നതിനിടയിൽ മീറ്റർസ്കെയിൽ പൊട്ടി 2 കഷണങ്ങളായി. താഴെ തന്നിരിക്കുന്നതിൽ പൊട്ടിയ സ്കെയിലിന്റെ അളവുകൾ ഏതാണ്? ശരിയുത്തരത്തിന് ' ✓ ' ഇടുക.

**എ**

| | |
|---|---|
| കഷണം 1 | 75 സെ. മീ. |
| കഷണം 2 | 35 സെ. മീ. |

**ബി**

| | |
|---|---|
| കഷണം 1 | 45 സെ. മീ. |
| കഷണം 2 | 65 സെ. മീ. |

**സി**

| | |
|---|---|
| കഷണം 1 | 50 സെ. മീ. |
| കഷണം 2 | 40 സെ. മീ. |

**ഡി**

| | |
|---|---|
| കഷണം 1 | 40 സെ. മീ. |
| കഷണം 2 | 60 സെ. മീ. |

## പ്രവർത്തനം 2 – സ്കൂൾ വാർഷികം

സ്കൂൾ വാർഷികത്തിന് രക്ഷിതാക്കളിൽ നിന്നു ലഭിച്ച തുക താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| | | | |
|---|---|---|---|
| 1A | 578 രൂപ | 3A | 800 രൂപ |
| 1B | 631 രൂപ | 3B | 718 രൂപ |
| 2A | 539 രൂപ | 4A | 298 രൂപ |
| 2B | 572 രൂപ | 4B | 431 രൂപ |

എ) ഏറ്റവും കൂടുതൽ തുക കിട്ടിയ ക്ലാസും തുകയും എഴുതുക.

ബി) ഏറ്റവും കുറവ് തുക കിട്ടിയ ക്ലാസും തുകയും എഴുതുക.


സി) കിട്ടിയ തുകകളെ വലുതിൽ നിന്നും ചെറുതിലേയ്ക്ക് എഴുതുക.

ഡി) ഒരു ക്ലാസിൽ നിന്നും കിട്ടിയ നോട്ടുകളും നാണയങ്ങളുമാണ് ചിത്രത്തിൽ. ക്ലാസ് ഏതെന്ന് എഴുതുക?






## പ്രവർത്തനം 3 - കോഴിക്കുഞ്ഞുങ്ങൾ



എ) കോഴിക്കുഞ്ഞുങ്ങൾ വിശന്നു കരയാൻ തുടങ്ങിയപ്പോൾ തള്ളക്കോഴി തെക്കേ പറമ്പിലേക്കും പൂവൻകോഴി വടക്കേ പറമ്പിലേക്കും തീറ്റ തേടിപ്പോയി. തള്ളക്കോഴി 24 പയർമണിയുമായി വന്നു. കുഞ്ഞുങ്ങൾ 4 പേരും തുല്യമായി വീതിച്ചെടുത്തു.

ഒരു കോഴിക്കുഞ്ഞിന് എത്ര പയർമണികൾ കിട്ടി?

| |
|---|
| |

ബി) കുറച്ചു കഴിഞ്ഞപ്പോൾ 12 പയർമണിയുമായി പൂവൻകോഴി വന്നു. കുഞ്ഞുങ്ങൾ അതും കൃത്യമായി വീതിച്ചെടുത്തു.

ഒരു കോഴിക്കുഞ്ഞിന് എത്ര പയർമണികൾ കിട്ടി?

| |
|---|
| |




സി) കഴിക്കാൻ തുടങ്ങിയപ്പോഴാണ് അച്ഛനും അമ്മയ്ക്കും ഒന്നും കിട്ടിയില്ലെന്ന് കോഴിക്കുഞ്ഞുങ്ങൾക്ക് മനസ്സിലായത്. അവർ എല്ലാ പയർമണികളും ചേർത്ത് എല്ലാവർക്കുമായി വീതിച്ചു.

ഇപ്പോൾ ഓരോരുത്തർക്കും എത്ര പയർമണികൾ വീതം കിട്ടും?

| |
|---|
| |

**പ്രവർത്തനം 4 – സമയമെത്ര?**

എ) തൻവിയുടെ ഒരു ദിവസത്തിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളും സമയവും തന്നിരിക്കുന്നു. സമയം ക്ലോക്കിൽ ചിത്രീകരിക്കുക.

| | | |
|---|---|---|
| രാവിലെ ഉണരുന്നു | 6 മണി |  |
| സ്കൂൾ ആരംഭിക്കുന്നു | 10 മണി |  |
| ഉച്ചഭക്ഷണം | 1 മണി |  |

തൻവി ഒരു ദിവസത്തിൽ വിവിധ കാര്യങ്ങൾക്കായി ചെലവഴിക്കുന്ന സമയം തന്നിരിക്കുന്നത് നോക്കൂ.

| | |
|---|---|
| പ്രഭാത ഭക്ഷണം | 15 മിനിറ്റ് |
| ഉച്ച ഭക്ഷണം | 20 മിനിറ്റ് |
| ചായ | 10 മിനിറ്റ് |
| കളി | 1 മണിക്കൂർ |
| അത്താഴം | 15 മിനിറ്റ് |

ബി) തൻവി ഭക്ഷണം, കളി എന്നിവയ്ക്കായി ഒരു ദിവസം ആകെ ചെലവഴിക്കുന്ന സമയം എത്ര?

..........................മണിക്കൂർ

## പ്രവർത്തനം 5 - കൂടുതൽ ഭാരം



| കുട്ടി 1 | കുട്ടി 2 | കുട്ടി 3 | കുട്ടി 4 | കുട്ടി 5 | കുട്ടി 6 | കുട്ടി 7 | കുട്ടി 8 | കുട്ടി 9 | കുട്ടി 10 |
|---|---|---|---|---|---|---|---|---|---|
| 26 കി.ഗ്രാം | 25 കി.ഗ്രാം | 30 കി.ഗ്രാം | 24 കി.ഗ്രാം | 28 കി.ഗ്രാം | 29 കി.ഗ്രാം | 26 കി.ഗ്രാം | 25 കി.ഗ്രാം | 26 കി.ഗ്രാം | 27 കി.ഗ്രാം |

എ) മുകളിൽ തന്നിരിക്കുന്ന കുട്ടികളുടെ ഭാരം സംബന്ധിച്ച പട്ടിക തയ്യാറാക്കുക.

| കുട്ടി | ഭാരം (കി.ഗ്രാം) |
|---|---|
| 1 | 26 |
| 2 | |
| 3 | |
| 4 | |
| 5 | |

| കുട്ടി | ഭാരം (കി.ഗ്രാം) |
|---|---|
| 6 | |
| 7 | |
| 8 | |
| 9 | |
| 10 | 27 |

ബി) ഏറ്റവും കൂടുതൽ ആവർത്തിച്ച ഭാരം ഏതാണ്? ശരിയായ ഉത്തരത്തിൽ '✓' ഇടുക.

| എ | ബി | സി | ഡി |
|---|---|---|---|
| 30 കിലോഗ്രാം | 26 കിലോഗ്രാം | 25 കിലോഗ്രാം | 24 കിലോഗ്രാം |

സി) പട്ടിക അടിസ്ഥാനമാക്കി കൂട്ടുകാരോട് ചോദിക്കാൻ ഒരു ചോദ്യം എഴുതുക.

പ്രവർത്തനം 6 - ചിത്രരചനാകിറ്റ്

സ്കൂൾ വാർഷികത്തിന്റെ ഭാഗമായി എൽ.പി.വിഭാഗം കുട്ടികൾക്ക് ചിത്രരചനാമത്സരം നടത്തി. 4 ക്ലാസിലും ഓരോ വിജയിയെ കണ്ടെത്തി. വിജയികൾക്ക് ചിത്രരചനാകിറ്റ് സമ്മാനമായി നൽകി.

| ചിത്രരചനാകിറ്റിലെ സാധനങ്ങൾ | വില |
|---|---|
| കളറിങ് ബുക്ക് | 15 രൂപ |
| ക്രയോൺ | 10 രൂപ |
| പെൻസിൽ | 5 രൂപ |
| ജലച്ചായം | 25 രൂപ |
| ബ്രഷ് | 20 രൂപ |

എ) വിജയികൾക്ക് സമ്മാനം വാങ്ങാൻ ആകെ എത്ര രൂപ കൊടുക്കണം?

ബി) ഓരോ ക്ലാസിലെയും രണ്ട് കുട്ടിക്ക് വീതം സമ്മാനം കൊടുക്കണമെങ്കിൽ ആകെ എത്ര രൂപ വേണ്ടിവരും? ശരിയുത്തരത്തിന് ' ✓ ' ഇടുക.

| എ) | ബി) | സി) | ഡി) |
|---|---|---|---|
| 375 | 150 | 600 | 79 |

സി) സമ്മാനം വാങ്ങാനായി 500 ന്റെ രണ്ടു നോട്ടാണ് കൊടുത്തത്. ബാക്കി എത്ര രൂപ കിട്ടും?